(ബി) എങ്കിൽ ആയതിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് ജോലികൾ പൂർത്തീകരിച്ച് വരുന്നു.

മലയാറ്റൂർ സെക്ഷൻ രൂപീകരിക്കുന്നതിന് നടപടി

38 [3178] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ഞപ്ര, അയ്യംപുഴ, മലയാറ്റൂർ, നീലീശ്വരം പഞ്ചായത്തു പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന മഞ്ഞപ്ര ഇലക്ട്രിക് സെക്ഷനിൽ ഇപ്പോൾ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട്;

(ബി) നിലവിൽ എത്ര അപേക്ഷകർക്ക് കണക്ഷൻ കൊടുത്തു തീർക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) വലിയ വിസ്തൃതിയുള്ള ഈ സ്റ്റേഷൻ വിഭജിച്ച് പുതുതായി മലയാറ്റൂർ സെക്ഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 12356 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) 822 കണക്ഷനുകൾ കൊടുക്കുവാനുണ്ട്.

(സി) പരിഗണനയിലില്ല.

മൾട്ടി പർപ്പസ് ജലസേചന പദ്ധതികൾ

39 [3179] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിനും വൈദ്യുതി ഉത്പാദനത്തിനും ജലസേചനത്തിനും ലക്ഷ്യമിടുന്ന മൾട്ടി പർപ്പസ് ജലസേചന പദ്ധതികൾ ആരംഭിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപ്രകാരമുള്ള ലക്ഷ്യത്തോടെ ഏതെങ്കിലും പദ്ധതിക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly